**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4383** **01-07-2024 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി സബ്ട്രഷറി നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ട്രഷറികളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ട്രഷറികളുടെ നവീകരണം ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, ധനകാര്യ ഇടപാടുകളുടെ ആധുനിക വൽക്കരണം എന്നിങ്ങനെ രണ്ട് മേഖലകളിലായാണ് നടത്തി വരുന്നത്.<br><br>**ഭൗതിക സാഹചര്യം മെച്ചപ്പെടുത്തലുമായി ബന്ധപ്പെട്ട വകുപ്പിൽ നടത്തിയ നവീകരണ പ്രവൃത്തികൾ**<br><br>ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ ഭാഗമായി 36 ട്രഷറികളുടെ നിർമ്മാണത്തിനുള്ള തത്വത്തിൽ ഭരണാനുമതി ലഭ്യമായതിൽ മൂന്ന് ഫേസുകളിലായി, ട്രഷറി ആസ്ഥാന കാര്യാലയം ഉൾപ്പടെ 27 ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി ട്രഷറി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നാലാമത്തെ ഫേസ് നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ജില്ലകളിലായി വകുപ്പിന്റെ പേരിൽ കെട്ടിടം നിർമ്മിക്കാൻ ഭൂമി ലഭ്യമായ, 22ഇടങ്ങളിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഇ ടെൻഡറിങ്ങിലൂടെ M/s, HLL Lifecare Ltd നെ PMC ആയി തെരഞ്ഞെടുക്കുകയും പ്രസ്തുത ഏജൻസി തയ്യാറാക്കി സമർപ്പിച്ച 18 കെട്ടിടങ്ങളുടെ DPR ഉം പ്ലാനും നിലവിൽ പരിശോധിച്ച് വരികയുമാണ്. സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ട്രഷറികളുടെ നവീകരണങ്ങൾക്കായി പൊതുമരാത്ത് വകുപ്പ് മുഖേന ട്രഷറി വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചും പൊതുമരാത്ത് വകുപ്പിന്റെ തനത് ഫണ്ട് ഉപയോഗിച്ചും MLAഫണ്ട് ഉപയോഗിച്ചും നവീകരണ പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ട്. കൂടാതെ, സർക്കാർ വകുപ്പുകളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി, കെട്ടിടങ്ങളുടെ റീപെയ്ന്റിങ്, ടോയിലറ്റ് നിർമ്മാണം, ടോയിലറ്റ് നവീകരണം, റാമ്പ് നിർമ്മാണം എന്നീ പ്രവൃത്തികൾ സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന നടത്തുകയും ചെയ്തിട്ടുണ്ട്. സുരക്ഷാ ക്രമീകരണങ്ങൾ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ ട്രഷറികളിലും CCTV (Closed Circuit Television) സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ഒട്ടുമിക്ക ട്രഷറികളിലും ഡീസൽ ജനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കസേര, ഫാൻ, ലൈറ്റ്, വാട്ടർ പ്യൂരിഫയർ, ഇടപാടുകാർക്ക് ഇരിപ്പിടങ്ങൾ എന്നീ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.<br><br>**<u>ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട വകുപ്പിൽ നടത്തിയ നവീകരണ പ്രവൃത്തികൾ</u>**<br><br>IFMS സംവിധാനം നടപ്പിലാക്കിയതോടെ ട്രഷറി ഇടപാടുകളുടെ ആധുനിക വൽക്കരണത്തിന് തുടക്കം കുറിച്ചു. IFMS സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഇടപാടുകൾ കൂടുതൽ വേഗത്തിൽ ലഭ്യമാക്കുന്നതിനുമായി 2.5 കോടി രൂപ മുടക്കി പുതിയ സെൻട്രൽ സെർവർ സ്ഥാപിച്ചു. കാലപ്പഴക്കം വന്ന 700 കമ്പ്യൂട്ടറുകൾ മാറ്റി പുതിയവ സ്ഥാപിച്ചു. UPS കളിൽ 841 ബാറ്ററികൾ സ്ഥാപിച്ചു. സെൻട്രലൈസ്ഡ് യൂസർ മാനേജ്മെന്റ് സംവിധാനം വകുപ്പിൽ നടപ്പിലാക്കി.<br><br>കേരള പെൻഷൻ പോർട്ടൽ, ട്രഷറി സേവിംഗ്സ് ബാങ്കിൽ കോർ ബാങ്കിംഗ്, ഇ-ടി.എസ്.ബി, ടി.എസ്.ബി ഓൺലൈൻ സംവിധാനം, ബില്ലുകളുടെ ഓൺലൈൻ സമർപ്പണം , GeM-മായുള്ള സംയോജനം, ഇ-സ്റ്റാമ്പിങ്, പെൻഷൻ റിക്കോർഡുകളുടെ ഡിജിറ്റൈസേഷൻ, ഇ-ട്രഷറി എന്നിവയും കേരളത്തെ സമ്പൂർണ ഡിജിറ്റൽ ഗവേർണൻസ് സംസ്ഥാനമാക്കുന്നതു ലക്ഷ്യമിട്ട് IFMS-നുള്ള പൊതുവായ URL, ഇ-സൈൻ, ബയോമെട്രിക് അറ്റന്റൻസ് സിസ്റ്റം, ഇ.ടി.ആർ.5 (e.TR5), ഇ- ഓഫീസ് സംവിധാനം എന്നിവയും ട്രഷറി വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇന്റർനെറ്റ് ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ് എന്നിവയ്ക്ക് സജ്ജമായ വളരെ ഉയർന്ന നിരക്കിൽ ഡിജിറ്റൽ മോഡിൽ പേയ്മെന്റും ഫണ്ട് ട്രാൻസ്ഫറും നിർവ്വഹിക്കുന്ന ട്രഷറി വകുപ്പിൽ സൈബർ സുരക്ഷാ മേഖലയിൽ വരാവുന്ന വെല്ലുവിളികളെ മറികടക്കാൻ ഉതകുന്ന പ്രതിരോധ സുരക്ഷാ സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി ISO 27001:2003സർട്ടിഫിക്കേഷൻ നടപ്പിലാക്കാൻ വകുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. വകുപ്പിൽ സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതുമായി ബന്ധപ്പെട്ട് നടപടികളും ട്രഷറി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്ന ട്രഷറിയിൽ കൂടുതൽ തസ്തികകൾ അനുവദിക്കുമോ; പ്രസ്തുത ട്രഷറി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി സബ് ട്രഷറിയിലെ തിരക്ക് പരിഗണിച്ച് മലപ്പുറം ജില്ലാ ട്രഷറിയിൽ നിന്നും ഒരു അക്കൗണ്ടന്റിനെ ജോലി ക്രമീകരണ വ്യവസ്ഥയിൽ ടി സബ് ട്രഷറിയിൽ നിയമിച്ചിട്ടുണ്ട്. കൊണ്ടോട്ടി സബ് ട്രഷറി വിഭജിച്ച് എടവണ്ണപ്പാറ/ പുളിക്കൽ ആസ്ഥാനമായി മറ്റൊരു സബ് ട്രഷറി സ്ഥാപിക്കുകയോ/നിലവിലുള്ള കൊണ്ടോട്ടി സബ് ട്രഷറിയിൽ കൂടുതൽ തസ്തിക സൃഷ്ടിച്ച് പ്രവർത്തനം സുഗമമാക്കുന്നതിനുള്ള നടപടി കൈക്കൊള്ളുകയോ ചെയ്യുന്നത് സംബന്ധിച്ച പ്രൊപോസൽ പരിശോധിച്ച് വരികയാണ്. കൂടുതൽ തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച മറ്റ് ശിപാർശകളൊന്നും നിലവിലില്ല. കൊണ്ടോട്ടി സബ് ട്രഷറിയുടെ സുഗമമായ പ്രവർത്തനത്തിന് അക്രഡിറ്റഡ് ഏജൻസിയായ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന ടോയിലറ്റ് നിർമ്മാണം, ടോയിലറ്റ് നവീകരണം, പെയിന്റിംഗ്, റാമ്പ് നിർമ്മാണം തുടങ്ങിയ നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. രണ്ട് നിലകളിലായി സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൊണ്ടോട്ടി സബ് ട്രഷറിയിൽ നിലവിൽ ഭൗതിക സാഹചര്യങ്ങളുടെ അഭാവമുള്ളതായി ജില്ലാ ട്രഷറി ഓഫീസർ റിപ്പോർട്ട് ചെയ്യുകയോ ട്രഷറി വകുപ്പിന് ബോധ്യപ്പെടുകയോ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ